## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3873 19/03/2018-ൽ മറുപടിയ്ക്ക്

## ജൈവ വൈവിധ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനം ഉണ്ടാക്കുന്നതിനായി മണലൂർ എം.എൽ.എ. ശിപാർശ ചെയ്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണ്; | (എ) | ജൈവ വൈവിധ്യ ഉദ്യാനം ഉണ്ടാക്കുന്നതിനായി മണലൂർ നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ ചുവടെ ചേർക്കുന്നു.<br>1. ജി.യു.പി.എസ്. അരിമ്പൂർ<br>2. ജി.എം.യു.പി.എസ്. പാട്ടൂർ<br>3. എ.യു.പി.എസ്. ഊരകം<br>4. സെന്റ് തെരേസാസ് യു.പി.സ്കൂൾ. മണലൂർ<br>5. എ.എം.എൽ.പി.എസ്. പാലുവായ്<br>6. സെന്റ് ലൂയിസ് എൽ.പി.എസ് വെൺമനാട്<br>7. എക്സെൽസിയർ യു.പി.സ്കൂൾ. കണ്ടാണശ്ശേരി<br>8. ജി.എൽ.പി.എസ്. കാക്കശ്ശേരി |
| (ബി) | പ്രസ്തുത സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ജൈവ വൈവിധ്യ ഉദ്യാനങ്ങൾക്കായി ഓരോ സ്കൂളുകൾക്കും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ? | (സി) | പ്രസ്തുത സ്കൂളുകൾക്ക് 10,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളും പണി പൂർത്തീകരിച്ചിട്ടുണ്ട്. ടി സ്കൂളുകളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**(സംഗ്രഹം)**

പൊതുവിദ്യാഭ്യാസം - വാർഷിക പദ്ധതി 2017-18 – "ജൈവ വൈവിധ്യ ഉദ്യാനം-വിദ്യാലയങ്ങളിൽ" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (പി) വകുപ്പ്**

സ.ഉ.(സാ) നം. 1685/2017/പൊ.വി തീയതി, തിരുവനന്തപുരം 01/06/2017

---

പരാമർശം:- 1. 12/04/2017-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പി.എൽ1/26458/17/ഡി.പി.ഐ നമ്പർ കത്ത്.

2. 26/04/2017-ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം

**<u>ഉത്തരവ്</u>**

2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2202-02-001-80 (പി) എന്ന ശീർഷകത്തിൽ "ജൈവ വൈവിധ്യ ഉദ്യാനം-വിദ്യാലയങ്ങളിൽ" എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 300 ലക്ഷം രൂപ വിനിയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2202-02-001-80 (പി) എന്ന ശീർഷകത്തിൽ "ജൈവ വൈവിധ്യ ഉദ്യാനം-വിദ്യാലയങ്ങളിൽ (Bio-diversity Campus in Schools)" എന്ന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 300 ലക്ഷം രൂപ (മുന്നൂറ് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് സംസ്ഥാനത്തെ 140 നിയമസഭാ നിയോജക മണ്ഡലങ്ങളിലായി 1200 സർക്കാർ സ്കൂളുകളിൽ (1200 സ്കൂളുകൾ X 25000 രൂപ വീതം = 300 ലക്ഷം രൂപ) താഴെപറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പദ്ധതി രേഖയിൽ (plan writ up) അനുശാസിക്കുന്ന വിധം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1 | നിലമൊരുക്കൽ | - ₹ 3000/- |
| 2 | വിത്തുകളും, സസ്യഇനങ്ങളും ശേഖരിക്കൽ, സസ്യങ്ങൾ നട്ടുപിടിപ്പിക്കുകയും, പരിപാലിക്കുകയും ഭൗതിക സൗകര്യങ്ങൾ അനുകൂലമാക്കൽ | - ₹ 15000/- |

| | | |
|---|---|---|
| 3 | ഹരിതസമിതി രൂപീകരണം - വിദ്യാലയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, ജൈവവൈവിധ്യ ഉദ്യാനം പ്രസക്തിയും പ്രയോഗവും - വിദഗ്ധരുടെ ക്ലാസ്സ് | - ₹ 5000/- |
| 4 | പ്ലാസ്റ്റിക് വിമുക്ത വിദ്യാലയ പ്രവർത്തനങ്ങൾ ആരംഭിക്കൽ, പ്രതിമാസ അവലോകന യോഗങ്ങൾ | - ₹ 2000/- |
| | ആകെ (സ്കൂളൊന്നിന്) | - ₹ 25000/- |

പ്രസ്തുത പദ്ധതി ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റ്, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, സോഷ്യൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എന്നിവയോട് ചേർന്ന് നടപ്പിലാക്കേണ്ടതാണ്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾക്ക് ടി തുക 2 ഗഡുക്കളായി മാത്രം വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും സഹായം ലഭിക്കുമ്പോൾ രണ്ടാം ഗഡു വിതരണം ചെയ്യേണ്ടി വരില്ല. അപ്രകാരമുള്ള സേവിംഗ്സ് കൊണ്ട് മറ്റ് വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാം. ആവശ്യമായ തുടർ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷ ടൈറ്റസ്**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sheela P

സെക്ഷൻ ഓഫീസർ